## **വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഇനി മുതൽ ഓൺ-ലൈനായി അപേക്ഷ സമർപ്പിക്കാം**

വൈക്കം നഗരസഭയിൽ മാര്യേജ് രജിസ്ട്രേഷൻ **ഇ-ഫയലിംങ്** നടപ്പിലാക്കിയതിന്റെ ഭാഗമായി അക്ഷയ സെന്ററുകൾ ,ഇന്റർനെറ്റ് കഫേകൾ,നെറ്റ് സൗകര്യമുള്ള സ്വന്തം കംപ്യൂട്ടറുകൾ എന്നിവ വഴി വിവാഹം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. തുടർന്ന് ലഭിക്കുന്ന വിവാഹ രജിസ്ട്രേഷന്റെ പ്രിന്റ് ഔട്ട് എടുത്ത് ബന്ധപ്പെട്ട എല്ലാ രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി ദമ്പതികൾ നേരിട്ട് നഗരസഭയിൽ സമർപ്പിക്കണം . വെബ്സൈറ്റിൽ നിന്നും അപേക്ഷാ വിവരങ്ങൾ എടുത്ത് പരിശോധിച്ച് നടപടികൾ പൂർത്തിയാക്കിയുടൻ തന്നെ നഗരസഭയിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുകയോ വെബ്സൈറ്റിൽ നിന്നും എപ്പോൾ വേണമെങ്കിലും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ് . ഇങ്ങനെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ രജിസ്ട്രാറുടെ ഒപ്പ് ആവശ്യമില്ല. **വെബ്സൈറ്റ്:** **www.cr.lsgkerala.gov.in**